16
സെപ്തംബർ
2017

കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം
# ജംഗിൾ ന്യൂസ്

ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ
രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

## അനീതിക്കെതിരെ ആഞ്ഞടിക്കാൻ ഇനി *ജംഗ്ൾ ന്യൂസ്*



**തിരുവനംപുരം:** ഇടക്കാലത്ത് സാങ്കേതിക പ്രശ്നങ്ങളാൽ നിന്നുപോയ കാടിന്റെ സ്വന്തം പത്രം *ജംഗ്ൾ ന്യൂസ്* വീണ്ടും തുടങ്ങൽ നിർബന്ധമായ സ്ഥിതിവിശേഷമാണ് ഇന്നുള്ളതെന്ന് പട്ടാളം പൈലി. പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സാമ്പത്തിക പ്രതിസന്ധി കാരണമാണോ പത്രം നിന്നുപോയതെന്ന ചോദ്യത്തിന് അതെല്ലാം കഴിഞ്ഞ കാലത്ത് നടന്നതല്ലേ, കഴിഞ്ഞകാലം കാറ്റിനക്കരെയല്ലേ എന്ന് പാടുകയുമായിരുന്നു പട്ടാളം പൈലി. കാട്ടിൽ പുതിയ ഭരണകൂടം അധികാരം ഏറ്റെടുത്തതിന് ശേഷം മൃഗങ്ങൾ തമ്മിലുള്ള പോര് കൂടുകയും പലയിടത്തും അക്രമ സംഭവങ്ങൾ അരങ്ങേറുകയും കാട്ടുതീ കലാപങ്ങൾ നടക്കുകയും ചെയ്യുന്ന കാലത്ത് സത്യങ്ങൾ കാട്ടുവാസികളറിയാൻ *ജംഗ്ൾ ന്യൂസ്* അനിവാര്യമാണെന്ന് ചീഫ് റിപ്പോർട്ടർ കുഞ്ചു പറഞ്ഞു. 'ഞമ്മടെ നാട് എരപ്പാവ്ണത് കണ്ട് നിൽക്കാൻ കയ്യൂലാ, അതോണ്ട് എടപെടാൻ തീരുമാനിച്ച് തന്നേണ് ഞമ്മളിറങ്ങണത്' എന്ന് കാദർക്ക പറഞ്ഞു. ഡെങ്കിപ്പനി പിടിച്ച് കിടപ്പിലായതിനാൽ കുട്ടപ്പന് പത്രസമ്മേളനത്തിൽ എത്താനായില്ല.

## ഇടിവെട്ടേറ്റ തവളയെ പാമ്പ് വിഴുങ്ങി



*തവളക്കുളത്ത് പാപ്പൻ*

**തവളക്കുളം:** ഇടിവെട്ടേറ്റ് അവശ നിലയിലായ തവള പാപ്പനെ പാമ്പ് നിർദയം വിഴുങ്ങി. തെക്കേ കാട്ടിലെ പാപ്പിയുടെ ഒരേയൊരു മകനാണ് പാപ്പൻ. ദാരുണമായ ഈ സംഭവം തവളക്കുളത്തെ കണ്ണീരിലാഴ്ത്തി.

സങ്കടസൂചകമായി ഇന്ന് തവളക്കുളത്ത് ആരും കോക്രോം എന്ന് ഒച്ച വെക്കാതെ മൗനമാചരിക്കാൻ തവളയൂണിയൻ തീരുമാനിച്ചു.

## 'ആമലീല ' റിലീസിംഗ് നീട്ടി



**പെരുമ്പാമ്പൂർ:** മൃഗപ്രിയ നായകൻ ആമൻ കുമാർ അഭിനയിച്ച ആമലീല സിനിമയുടെ റിലീസിംഗ് നീട്ടി. പ്രമുഖ നടിയെ കോക്രി കാട്ടി പേടിപ്പിക്കാൻ കുപ്രസിദ്ധ മോഷ്ടാവ് ഉടുമ്പ് വാസുവിനെ ക്വട്ടേഷൻ ഏൽപ്പിച്ച കേസിൽ നടൻ ആമൻ ജയിലിലിലാവുകയും മൃഗവികാരം നടനെതിരെ ആവുകയും ചെയ്തതോടെയാണ് സിനിമയുടെ റിലീസിംഗ് പ്രതിസന്ധിയിലായത്. ഇനി എന്നായിരിക്കും സിനിമയുടെ റിലീസിംഗ്എന്നചോദ്യത്തിന്നിർമാതാവ്കുരങ്ങച്ചൻകടുകുപാടം തേങ്ങിത്തേങ്ങിക്കരഞ്ഞാണ് പ്രതികരിച്ചത്.

## മിന്നുന്നതെല്ലാം പൊന്നല്ല – പുതിയ കണ്ടുപിടിത്തം



*സൈകോ ജിറാഫ്*

ജിറാഫുഞ്ചി: പ്രശസ്ത ശാസ്ത്രജ്ഞനായ സൈക്കോജിറാഫിന്റെ 'മിന്നുന്നതെല്ലാം പൊന്നല്ല' എന്ന കണ്ടുപിടിത്തം വരും ലോകത്തിന് വലിയ ദിശ കാണിച്ചു കൊടുക്കും എന്ന് കരുതപ്പെടുന്നു. എന്തോ ഒന്ന് മിന്നുന്നതു കണ്ട് അത് പൊന്നാണെന്ന് കരുതി എടുക്കാൻ ചെന്ന നേരം പൊള്ളലേറ്റ സൈക്കോവിന് അപ്പോഴാണ് അത് തീക്കനലാണെന്ന് ബോധ്യം വന്നത്. മെഡിക്കൽ കോളേജിൽ ചികിൽസയിലാണിപ്പോൾ സൈക്കോ ജിറാഫ്. വളരെ ത്യാഗം സഹിച്ച് ഇങ്ങനെ ഒരു കണ്ടുപിടിത്തം നടത്തിയ അദ്ദേഹത്തിന് ആദരം നൽകാൻ ഒരുങ്ങുകയാണ് ശാസ്ത്ര ലോകം.

## പ്രൊഫ. പോത്തൻ



*കണ്ണസുഖം ആയോണ്ട് ഇന്ന് പത്രം വായിച്ചില്ല, ചാനലും കണ്ടില്ല.*
*ഹോ.. എന്തൊരു സമാധാനം...*


## ആഫ്റ്റർ ഡെത്ത്
### ഹോസ്പിറ്റൽ
കാടകം, ഫോറസ്റ്റ് റോഡ് 12

ഒരിടത്തൊരു ആനയുണ്ടായിരുന്നു.
ജലദോഷം മാത്രേ അവനുണ്ടായിരുന്നുള്ളൂ.
ചികിൽസക്കായി അവൻ ആശുപത്രീൽ എത്തി.
**കഥ കഴിഞ്ഞു.**

ചികിൽസക്കു വന്നവരേ..
നന്ദി, വീണ്ടും വരണം..



എല്ലാവർക്കും എല്ലാ ടെസ്റ്റും നടത്തുന്നതാണ്.